## ഉപമയിൽ കുടുങ്ങാത്ത
# ജീവിതം

▸ ശിവപ്രസാദ് പാലോട്

**കാ**ടുത്ത് പെയ്തുകൊണ്ടിരിക്കെ
പെട്ടെന്ന് നിലച്ചുപോയ മഴ
ഉച്ചസ്ഥായിയിൽ മുഴങ്ങിയിരിക്കെ
മൗനമായി മാറിയ സംഗീതം
പുഞ്ചിരിച്ചു നിൽക്കവേ
ഞെട്ടറ്റു വീണ പുഷ്പം
മുറുകിയ ചുവടുകൾക്കിടയിൽ
നിശ്ചലമായിപ്പോയ നൃത്തം
അന്ധമായ ആഘോഷങ്ങൾക്ക് ശേഷം
പെട്ടെന്ന് കൈവീശിപ്പോകുന്ന
മഴവില്ലുകൾ
ഇലയനക്കം ബാക്കിവക്കാതെ
പതുങ്ങിപ്പോകുന്ന കാറ്റ്
ഇനിയുമേറെ ഉപമിക്കുവാൻ
ജീവിതമേ
നീ നമ്മളിലത്രത്തോളം
ബാക്കിയില്ലല്ലോ.



# രക്തസാക്ഷി

▸ ശെരീഫ് ഖാൻ, പെരുമ്പടപ്പ്

**പാ**ർട്ടി വളർത്താൻ
പാർട്ടികൾ കണ്ടുപിടിച്ച
“സൂത്രവാക്യം”




പുസ്തകപ്പുരയിലേക്കുള്ള
പുസ്തകങ്ങൾ മൂന്ന്
കോപ്പി വീതം അയക്കുക.

**വിലാസം**
പുസ്തകപ്പുര, പ്രബോധനം വാരിക
സിൽവർ ഹിൽസ്, കോഴിക്കോട്-12

### സാമൂതിരിക്ക് വേണ്ടി ഒരു സമരാഹ്വാനം

കേരളത്തിലെ പോർച്ചുഗീസ് അധിനിവേശത്തിനെതിരെ പതിനാറാം നൂറ്റാണ്ടിൽ കേരളത്തിൽ നടന്ന ഐതിഹാസിക പോരാട്ടത്തിലെ ഉജ്ജ്വല വ്യക്തിത്വങ്ങളിൽ ഒരാളാണ് ഖാദി മുഹമ്മദ്. കേരളത്തിലെ പോർച്ചുഗീസ് ആധിപത്യത്തിന്റെ അടിത്തറ തകർത്ത 1571 -ലെ ചാലിയം യുദ്ധത്തിൽ പങ്കെടുത്ത ഖാദി മുഹമ്മദ്, *ഫത്ഹുൽ മുബീൻ* എന്ന യുദ്ധ കാവ്യത്തിലൂടെ പ്രസ്തുത പോരാട്ടത്തെ ഇതിഹാസ തലത്തിലേക്കുയർത്തിയ സർഗധനനായ കവി കൂടിയാണ്. ഖാദി മുഹമ്മദിന്റെ, അടുത്ത കാലത്ത് കണ്ടെടുക്കപ്പെട്ട അറബിയിലുള്ള പ്രഭാഷണത്തിന്റെ വിവർത്തനമാണ് *സാമൂതിരിക്കുവേണ്ടി ഒരു സമരാഹ്വാനം*. ഇ.എം സക്കീർ ഹുസൈനാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. മലബാറിലെ മാപ്പിളമാരും മതപണ്ഡിതരും അധിനിവേശത്തിനെതിരെ പുലർത്തിയ ജാഗ്രതയുടെ നേർ സാക്ഷ്യമാണീ പുസ്തകം. പ്രസാധനം: ഐ.പി.എച്ച്. വില 60 രൂപ.




### കുട്ടികളുടെ പ്രവാചകൻ

മനുഷ്യനന്മയുടെ പ്രചാരകരാണ് പ്രവാചകന്മാർ. ലോകത്തിലെ പ്രധാന ജനവാസ കേന്ദ്ര



# പത്രാധിപർക്ക്

അബ്ദുൽ ബാസിത്ത്

**എ**ന്റെ ആത്മാവിൽ
തീയാണ്.
അതുകൊണ്ടാണ്
എന്റെ കവിതകൾ
കടലാസുകളെ
ചാമ്പലാക്കുന്നത്.
നിങ്ങൾക്ക്
ചാരമയച്ചുതരാൻ
ഞാൻ
നിർബന്ധിതനാവുന്നത്.

കെ.സി സലീം,
കരിങ്ങനാട്

# ചാനൽ



**പെ**ണ്ണ്, രാഷ്ട്രീയം
തുടങ്ങിയവ
വിളമ്പാനൊരു
തീൻമേശ

ങ്ങളിലെല്ലാം പ്രവാചകന്മാർ വന്നിട്ടുണ്ട്. അവസാനത്തെ പ്രവാചകനായ മുഹമ്മദ് നബിയുടെ ജീവിതത്തെ അടിസ്ഥാനമാക്കി കുട്ടികൾക്ക് വേണ്ടി കാതിയാളം അബൂബക്കർ രചിച്ച പുസ്തകമാണ് 'കുട്ടികളുടെ പ്രവാചകൻ.' നവ്യമായ ഒരു സംസ്കാരത്തിന്റെ സ്രഷ്ടാവ് എന്ന നിലയിലാണ് മുഹമ്മദ് നബിയെ ഈ പുസ്തകം അവതരിപ്പിക്കുന്നതെന്നും കുട്ടികൾ വായിക്കേണ്ടത് മഹാന്മാരുടെ ഇത്തരം ജീവചരിത്രങ്ങളാണെന്നുമെഴുതുന്നു ആമുഖത്തിൽ ഐ.എം വേലായുധൻ. പ്രസാധനം *മാതൃഭൂമി* ബുക്സ്. വില 50 രൂപ.




### പ്രകൃതി സ്നേഹം ഇസ്‌ലാമിൽ

വെള്ളം, മണ്ണ്, സസ്യങ്ങൾ, പർവതങ്ങൾ, കായ്കനികൾ, ജീവജാലങ്ങൾ എന്നിവയെല്ലാം മനുഷ്യന് വേണ്ടി ദൈവം സൃഷ്ടിച്ചതാണ്. എന്നാൽ, ഇവയുടെ പുനഃസൃഷ്ടിയും നിലനിൽപും തകരുന്ന തരത്തിലുള്ള ദുരുപയോഗം ദൈവകോപത്തിന് കാരണമാവും. ഭാരതത്തിലെ പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക സുരക്ഷയും മറ്റു പ്രദേശങ്ങളിലെ ഭൂവിഭവ സംരക്ഷണവും മാനവ സമുദായത്തിന്റെ കടമയാണെന്ന് വിവരിക്കുന്നു പി. അബൂബക്കർ സുല്ലമിയുടെ 'പ്രകൃതി സ്നേഹം ഇസ്‌ലാമിൽ' എന്ന പുസ്തകം. പ്രകൃതി സ്നേഹികളായ വിദ്യാർഥികൾക്ക് ഒരു റഫറൻസ് ഗ്രന്ഥമാണിതെന്നെഴുതുന്നു ആമുഖത്തിൽ ഒ. അബ്ദുർറഹ്മാൻ. വിതരണം തനിമ ബുക്സ്. വില 80 രൂപ.

